**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളുണ്ടെന്നും പ്രസ്തുത കോളനികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇവയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുന്ന കോളനികൾ എത്രയാണെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>2009-10 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കിലയും സംയുക്തമായി നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആകെ 26198 പട്ടികജാതി കോളനികൾ ഉണ്ട്. കോളനികളുടെ നിലവിലെ സ്ഥിതിവിവരശേഖരണം നടത്തുന്നതിനുള്ള ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ ആകെ 635 കോളനികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ആയതിൽ 202 കോളനികളിൽ പദ്ധതി അനുവദിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ്.<br><br>കോളനിക്കുള്ളിലെ റോഡ്/നടപ്പാത, ഡ്രെയിനേജ്,ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ,കുടിവെള്ളത്തിനും ജലസേചനത്തിനുമുള്ള സൗകര്യങ്ങൾ, കോളനിക്കുള്ളിലെ പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പൊതുസ്ഥങ്ങളിലെയും വീടുകളിലെയും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, പൊതു ആസ്തികളുടെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സംരക്ഷണ ഭിത്തി നിർമ്മാണം, വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ മുതലായവയാണ് അംബേദ്കർ |

| | | | |
|---|---|---|---|
| | | | ഗ്രാമവികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>സംസ്ഥാനത്ത് 6578 പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളത്. പ്രസ്തുത കോളനികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 94 കോളനികളിലും 2021-22 വർഷത്തിൽ 64 കോളനികളിലുമാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്.<br><br>സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാന ആവശ്യങ്ങൾ, കുടിവെള്ളം, ശുചിത്വം, ജീവനോപാധികൾ ഉൾപ്പെടെയുള്ള പുനരധിവാസം എന്നിവ ഈ പദ്ധതിയിലുൾപ്പെടുന്നു. |
| (ബി) | പ്രസ്തുത കോളനികളിലെ സ്ഥലവും വീടും മറ്റ് വിഭാഗക്കാർ കൈയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ